പബ്ലിക് മാർക്കറ്റ്.

* 140. [12] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ പബ്ലിക് മാർക്കറ്റ് സ്ഥാപിക്കുന്നതിന് മാർക്കറ്റുകൾ തമ്മിലുള്ള അകലത്തെക്കുറിച്ച് നിഷ്കർഷിച്ചിട്ടുണ്ടോ എന്നതാണ് ;

(ബി) കല്ലറ പഞ്ചായത്തിൽനിന്നും ഗവണ്മെന്റിന്റെ മുമ്പിൽ ഈ വ്യവസ്ഥയെ ബാധിക്കുന്ന ഒരു പ്രശ്നം ഉന്നയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു മറുപടി നൽകി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പഞ്ചായത്തുകളിൽ പുതുതായി പബ്ലിക്കുമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് സാധാരണ സ്ഥിതിയിൽ നിലവിലുള്ള പബ്ലിക്കുമാർക്കറ്റിൽനിന്നും 4 മൈലും പ്രൈവറ്റുമാർക്കറ്റിൽനിന്നും രണ്ടു മൈലും ദൂരം വേണമെന്നാണ് അംഗീകരിച്ചിട്ടുള്ള തത്വം.

(ബി) കല്ലറ പഞ്ചായത്തിൽനിന്നും മരുതുംമൂട് എന്ന സ്ഥലത്തു ഒരു പബ്ലിക്കുമാർക്കറ്റ് ആരംഭിക്കുന്നതിനു അപേക്ഷ കിട്ടിയിരുന്നു. ടി സ്ഥലം കല്ലറ പബ്ലിക്കുമാർക്കറ്റിൽനിന്നും അംഗീകരിച്ചിട്ടുള്ള 4 മൈൽ ദൂരത്തിനുള്ളിലാണ് സ്ഥിതി ചെയ്യുന്നതു്. അതുകൊണ്ട് അവിടെ ഒരു പബ്ലിക്കുമാർക്കറ്റ് ആരംഭിക്കുന്നതിനു് സാദ്ധ്യതയില്ലെന്നു അപേക്ഷകരെ അറിയിച്ചിട്ടുണ്ട്. എന്നാൽ കല്ലറ പബ്ലിക്കുമാർക്കറ്റിൽനിന്നും 4 മൈലിനു മേൽ അകലത്തിൽ മതുവിള എന്നൊരു സ്ഥലത്തു് ഒരു പബ്ലിക്കുമാർക്കറ്റ് നടത്തുന്നതിനു അപേക്ഷ കിട്ടിയിട്ടുണ്ട്. അയതു് പഞ്ചായത്തിന്റെ പരിഗണനയിലിരിക്കയാണ്.

ശ്രീ. ആർ. പ്രകാശം : ഈ നാലു മൈൽ എന്നുള്ളതിനു വ്യത്യസ്ഥമായി ഒരു സ്ഥലത്തും മാർക്കറ്റ് അനുവദിച്ചിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു വ്യത്യസ്ഥമായി ഒന്നും അനുവദിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അങ്ങനെയുള്ള കന്യാകുമാരിയിലെ ഒരു മാർക്കറ്റ് അടുത്ത കാലത്തു് ഉൽഘാടനം ചെയ്തില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിലവിലുള്ള മാർക്കറ്റുകൾ കാണും. പുതുതായി ഒന്നും അനുവദിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മരുതുംമൂടുമാർക്കറ്റ് അനുവദിക്കേണ്ടതാണെന്നു പഞ്ചായത്തുഡയറക്ടർ റിക്കമെന്റു ചെയ്തിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നാലുമൈലിനുള്ളിൽ സ്ഥാപിക്കാൻ പാടില്ല. അതിനുള്ളിൽ സ്ഥാപിക്കാൻ ആരും റിക്കമെന്റു ചെയ്യലും സാദ്ധ്യമല്ല.

ശ്രീ. ആർ. പ്രകാശം: ഈ 4 മൈൽ എന്നുള്ളതു് ഇടവഴിയുടെ നീളമാണോ ; മെയിൻ റോഡിന്റെ നീളമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ: മെയിൻ റോഡിന്റെ നീളമാണ്. കുറുക്കുവഴിയാണെങ്കിൽ അതിലും ദൂരം കുറയും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മരുതുംമൂട മാക്കറവും മരുവിള മാക്കറവും തമ്മിൽ എന്തകലം വരും ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നാലു ഫർലാംഗിനകത്തു അകലം വരും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആരാണ് ഈ അപേക്ഷ തന്നിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരു മാസ് പെറ്റീഷനാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഒരു പി. സ്. സി. മെംബർ ഇതിൽ ഇടപെട്ടതു കൊണ്ടാണോ അപേക്ഷ തള്ളിയത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അല്ല, റൂളിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. പ്രാക്കുളം മാസി: നിലവിലുള്ള മാക്കറവകൾ അനുവദിക്കുമെന്നു പറഞ്ഞു. അതെന്തുകൊണ്ടാണെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു തുടർന്നു നടത്താൻ അനുവദിക്കുകയാണ്.

ശ്രീ. പ്രാക്കുളം മാസി: മാക്കറവകളുടെ മുഴുവൻ നിയന്ത്രണവും പഞ്ചായത്തു ഡിപ്പാർട്ടുമെന്റിനല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ; ചില കാര്യങ്ങൾ ഗവണ്മെന്റിലും വരും.

ശ്രീ. പ്രാക്കുളം മാസി: ഈ ചന്തക്കാര്യത്തിൽ മന്ത്രി ഇടപെടാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മന്ത്രി ഇടപെടേണ്ട കാര്യത്തിൽ ഇടപെടാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ മാസ്കരൻപിള്ള: ഇടപെടേണ്ട ആവശ്യമില്ലാത്ത ചില ചന്തക്കാര്യത്തിൽ മന്ത്രി ഇടപെട്ടിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇടപെടേണ്ട ആവശ്യമില്ലാത്ത ഒന്നിലും ഇടപെടാറില്ല.

ശ്രീ. തോപ്പിൽ മാസ്കരൻപിള്ള: വള്ളികുന്നത്തു ഒരു മാക്കറിന്റെ കാര്യം മന്ത്രി നേരിട്ടിടപെട്ട് പോലീസിനെ വിട്ടുകൊടുത്തില്ലേ.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ രാജ്യത്തു 548 പഞ്ചായത്തുകളുണ്ട്. അതിലെല്ലാം ഒന്നിലധികം മാക്കറവകളും ഉണ്ടാകും. താങ്കളെയിരിക്കുമ്പോൾ ഓരോന്നിനേയും പറ്റി എടുത്തു ചോദിച്ചാൽ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ മാസ്കരൻപിള്ള: ഒരാറാറ മാക്കറിന്റെ കാര്യത്തിൽ ശല്പുരകക്ഷികളെ സഹായിക്കുന്നതിനായി പൂവ്വാപരവിരുദ്ധമായ് ഗവണ്മെന്റ നടപടി എടുത്തിട്ടില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ എടുത്തിട്ടുണ്ടാവുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വ്യക്തമായ ഉദാഹരണം പൂണ്ടിക്കാണിച്ചാൽ അതു തിരുത്തുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന്റെ ആവശ്യമില്ല. വളരെ അടിസ്ഥാനത്തിൽ ചെയ്യുവുന്നതേ ചെയ്തിട്ടുള്ളു. അതിനപ്പുറമൊന്നും ചെയ്തിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: നാലുമൈലിനകത്തു പബ്ലിക്ക് മാർക്കറ്റുകൾ അനുവദിക്കുകയില്ലെന്നു പറഞ്ഞു. അങ്ങനെ ഇപ്പോൾ അനുവദിച്ച മാർക്കറ്റുകൾ നിറുത്താൻ ഗവണ്മെന്റു നടപടി എടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഉള്ളതായി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തിയാൽ ആലോചിക്കാം.

ശ്രീ. പി. നാരായണൻ നായർ: പ്രൈവറ്റു മാർക്കറ്റുകൾക്ക് അനുവദം നൽകുവാനുള്ള പ്രോത്സാഹിപ്പിക്കുന്നതാണോ ഗവണ്മെന്റിന്റെ നയം?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രൈവറ്റു മാർക്കറ്റുകളെ പ്രോത്സാഹിപ്പിക്കുമെന്നല്ല പറഞ്ഞതു.

മെഡിക്കൽ കോളേജ് ലേയ്ക്കുള്ള തിരഞ്ഞെടുപ്പ്.

* 141. [13] ശ്രീ. എൻ. ജി. ഫാങ്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ?

(എ) 1955–56 കാളേജ് വർഷാരംഭത്തിൽ തിരുവനന്തപുരം മെഡിക്കൽകാളേജിലേയ്ക്കു എത്ര വിദ്യാർത്ഥിവിദ്യാർത്ഥിനികളെ തിരഞ്ഞെടുത്തു;

(ബി) തിരഞ്ഞെടുത്ത വിദ്യാർത്ഥിവിദ്യാർത്ഥിനികളെ തിരഞ്ഞെടുക്കുന്നതിനു മുമ്പു് ഇൻറർവ്യൂ ചെയ്തിട്ടുണ്ടോ;

(സി) ഇൻറർവ്യൂ നടത്തുന്നതിനു കമ്മിറ്റിയെ ഗവണ്മെൻറ് നിയോഗിച്ചിരുന്നോ;

(ഡി) കമ്മിറ്റിയെ നിയോഗിച്ചിരുന്നുവെങ്കിൽ ആ കമ്മിറ്റിയിൽ എത്ര പ്രവിശ്യം കൂടി?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം): (എ) വിദ്യാർത്ഥികൾ 65, വിദ്യാർത്ഥിനികൾ 19.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly